1. ഇ.ബി. XIII-കേരള നിയമസഭ/XI-11

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂൺ 23, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തര പ്രമേയം

### റെയിൽവേ നിരക്കുവർദ്ധന

മി. സ്പീക്കർ: കേന്ദ്ര ബഡ്ജറ്റിനു മുമ്പായി പ്രഖ്യാപിച്ച 6.5 ശതമാനം റെയിൽവേ ചരക്കുകൂലി വർദ്ധന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേക്ക് റെയിൽവേ മാർഗ്ഗമെത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെയും സിമന്റ്, കമ്പി മുതലായ നിർമ്മാണ സാമഗ്രികളുടെയും വൻ വിലക്കയറ്റത്തിന് വഴിവച്ചിരിക്കുന്ന സാഹചര്യം

സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണ മെന്നാവശ്യപ്പെട്ട് സർവ്വശ്രീ എളമരം കരീം, വി. എസ്. സുനിൽകുമാർ, മാത്യൂ റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

(ഇതേ വിഷയം ശ്രീ. ബെന്നി ബെഹനാൻ സബ്മിഷനായി നോട്ടീസ് നൽകിയിട്ടുണ്ട്.)

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): കേന്ദ്രസർക്കാർ പ്രഖ്യാപിച്ച റെയിൽവേ നിരക്കുവർദ്ധന ന്യായീകരിക്കാവുന്നതല്ല. ജനവിരുദ്ധ നിലപാടുകളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. റെയിൽവേ നിരക്കുവർദ്ധന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ദോഷകരമായി ബാധിക്കും. ഇതുമൂലം അരിയുടെ വിലയിലുണ്ടാകാനിടയുള്ള വ്യതിയാനത്തെ നേരിടുന്നതിനായി പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതും പൊതുവിപണിയിലെ പരിശോധനകൾ കർക്കശമാക്കുന്നതുമണ്. റെയിൽവേ നിരക്കുവർദ്ധനയുടെ

മറവിൽ ബോധപൂർവ്വമായ വിലക്കയറ്റം സൃഷ്ടിക്കപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. വിലക്കയറ്റത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. എളമരം കരീം: റെയിൽവേ യാത്രാ നിരക്കും കടത്തുകൂലിയും വർദ്ധിപ്പിക്കാനുള്ള തീരുമാനം തികച്ചും ജനാധിപത്യവിരുദ്ധവും കോർപ്പറേറ്റുകൾക്ക് കീഴടങ്ങി സ്വകാര്യവത്കരണ നയത്തിലൂടെ കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നതിന്റെ തെളിവുമാണ്. ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ റെയിൽവേ നിരക്കുകൂടി വർദ്ധിപ്പിക്കുന്നത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സഭയുടെ പൊതുവികാരമെന്ന നിലയിൽ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം. സീസൺ ടിക്കറ്റുകൾക്കടക്കം യാത്രാക്കൂലിയിലുണ്ടാകുന്ന വർദ്ധനവ് ജനങ്ങൾക്ക് താങ്ങാനാവുന്നതല്ല. സീസൺ ടിക്കറ്റിന്റെ സ്ലാബ് പൊളിച്ചെഴുതുകയും കുറഞ്ഞ നിരക്ക് 150 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തതിലൂടെ യാത്രക്കാരെ കൊള്ളയടിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോട്ടയം-തിരുവനന്തപുരം റെയിൽപ്പാതയിൽ കുറഞ്ഞത് അര കോടി രൂപ സീസൺ ടിക്കറ്റ് ഇനത്തിൽ മാത്രം വരുമാന

വർദ്ധനവുണ്ടാകുമെന്നാണ് റെയിൽവേ കണക്കാക്കുന്നത്. ഉയർന്ന ക്ലാസ്സുകളിലുണ്ടാകുന്ന യാത്രാക്കൂലി വിമാന ടിക്കറ്റിന് തുല്യമാകും. ചരക്കുകടത്തുകൂലി 6.5 ശതമാനം വർദ്ധിപ്പിക്കുകയും 100 കിലോമീറ്റർ വരെ ചരക്കുകടത്തിലുണ്ടായിരുന്ന നിരക്ക് ഇളവ് പിൻവലിക്കുകയും ചെയ്തതിന്റെ ഫലമായി റെയിൽ മാർഗ്ഗമെത്തുന്ന ഭക്ഷ്യധാന്യങ്ങളുടെയും നിർമ്മാണ സാമഗ്രികളുടെയും വില ഉയരും. ചരക്കുകൾ ബുക്ക് ചെയ്യാനുള്ള മിനിമം ദൂരം 125 കിലോമീറ്ററാക്കി ഉയർത്തിയിരിക്കുകയാണ്. ഇന്ധന വിലവർദ്ധന അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ വില കുതിച്ചുയരുന്നതിന് കാരണമാകും. ചരക്കുകൂലി വർദ്ധന ചെറുകിട വ്യവസായങ്ങളെയും തുറമുഖങ്ങളെയും ദോഷകരമായി ബാധിക്കും. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിക്കുന്നതിലൂടെ സ്തംഭനാവസ്ഥയിലായിരിക്കുന്ന നിർമ്മാണ മേഖല പൂർണ്ണമായും തകരും. റെയിൽവേയുടെ കാര്യത്തിൽ കേരളത്തെ അവഗണിച്ചതോടൊപ്പം യാത്രാക്കൂലിയിലും കടത്തുകൂലിയിലും ഭീമമായ വർദ്ധനവും വരുത്തിയിരിക്കുകയാണ്. പ്രസ്തുത നടപടിയിൽ കേരളത്തിന്റെ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കുകയും ഇക്കാര്യത്തിൽ കേരളത്തിന് ആശ്വാസം കിട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്യണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യുകയും ഒരു പ്രമേയം തയ്യാറാക്കി സഭ ഒന്നടങ്കം അംഗീകരിച്ച് കേന്ദ്രത്തിന് സമർപ്പിക്കുകയും

വേണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): റെയിൽവേയുടെ നിരക്കുവർദ്ധനവ് എല്ലാ മേഖലകളിലും സ്തംഭനാവസ്ഥയും പ്രതിസന്ധിയും ഉണ്ടാക്കിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നയങ്ങളെ ശക്തമായി ചെറുക്കേണ്ടതുണ്ട്. ജനതാൽപ്പര്യം മുൻനിർത്തിക്കൊണ്ടുള്ള നയസമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. ഈ വിഷയത്തിൽ ശക്തമായ പ്രതിഷേധം കേരള സമൂഹത്തോടൊപ്പം സംസ്ഥാന സർക്കാരും പങ്കുവയ്ക്കുന്നു. റെയിൽവേയുടെ കാര്യത്തിൽ കേരളം കൂടുതൽ അവഗണന നേരിടുകയാണ്. ഇന്ന് ഭക്ഷ്യധാന്യങ്ങൾ കൊണ്ടുവരുന്ന വാഗണുകളും, പാസ്സഞ്ചർ ട്രെയിനുകളും മോശമായ അവസ്ഥയിലായതിനാൽ ധാരാളം ഭക്ഷ്യധാന്യങ്ങൾ ഉപയോഗയോഗ്യമല്ലാതെ പാഴായി പോകുന്ന അവസ്ഥയുണ്ട്. ഇത്തരം സമീപനങ്ങളിൽ മാറ്റം വരുത്തണമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. പാചകവാതകവില വർദ്ധനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്. വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത പച്ചക്കറിക്കടകളിലും പ്രൊഫഷണൽ സ്റ്റോറുകളിലും ഹോട്ടലുകളിലും പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പരിശോധനകൾ തുടർന്നും

ഉണ്ടാകുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിലക്കയറ്റമാണ് ജനങ്ങൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. കേരളത്തിനെ ദോഷകരമായി ബാധിക്കത്തക്കവിധത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ച ഈ നടപടി വേദനാജനകമാണ്. സീസൺചാർജ്, ചരക്കുകൂലി എന്നിവ വർദ്ധിപ്പിച്ചതിലൂടെ ജനങ്ങളുടെ മേൽ വലിയ ഭാരമാണ് അടിച്ചേൽപ്പിച്ചിരിക്കുന്നത്. സാധാരണക്കാരെ ബാധിക്കുന്ന വിധത്തിലുള്ള നടപടികളോട് സർക്കാരിന് യോജിക്കാനാവില്ല. ഈ വിഷയം സംബന്ധിച്ച് പ്രധാനമന്ത്രിക്ക് കത്ത് അയയ്ക്കുന്നതാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പൊതുവിതരണം, വിലവർദ്ധനവ് എന്നിവയെക്കുറിച്ചും ചർച്ച ചെയ്യുന്നതിനോട് സർക്കാരിന് യോജിപ്പാണുള്ളത്. ഇന്ന് ധനാഭ്യർത്ഥന ചർച്ചയായതിനാൽ പ്രസ്തുത ചർച്ചയ്ക്കുള്ള സമയത്തെപ്പറ്റി പിന്നീട് ആലോചിച്ച് തീരുമാനമെടുക്കാം. ഇന്ന് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടെന്ന ഭക്ഷ്യവകുപ്പുമന്ത്രിയുടെ അഭിപ്രായത്തോട് യോജിക്കുന്നു.

മി. സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. സി. ദിവാകരൻ റൂൾ 58 പ്രകാരം ചർച്ച ചെയ്യണമെന്ന് നോട്ടീസ് നൽകിയിട്ടുണ്ട്.

( അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) അഴീക്കൽ തുറമുഖ വികസനം

ശ്രീ. കെ. എം. ഷാജി: കേരളത്തിലെ റോഡ് ഗതാഗതം കൂടുതൽ ദുരിതപൂർണ്ണമാകുന്ന ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിലെ ചെറിയ തുറമുഖങ്ങൾ വികസിപ്പിച്ച് ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. അഴീക്കൽ തുറമുഖമടക്കമുള്ള ചെറിയ തുറമുഖങ്ങൾ വികസിപ്പിക്കാനും ജലഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. അഴീക്കൽ തുറമുഖത്തുനിന്ന് കണ്ടെയ്നർ ഷിപ്പിംഗ് സർവ്വീസ് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): തീരദേശ കപ്പൽ ഗതാഗതം കൂടുതൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ തുറമുഖങ്ങളുമായി ബന്ധപ്പെട്ടുള്ള വികസന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അഴീക്കൽ പോർട്ടിനെ സംബന്ധിച്ച ഫീസിബിലിറ്റി റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ സിമന്റ് ടെർമിനൽ, കണ്ടെയ്നർ ടെർമിനൽ, ഷിപ്പ് റിപ്പെയറിംഗ് ടെർമിനൽ എന്നിവയ്ക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും സിമന്റ് ടെർമിനലിന് മാത്രമാണ് ടെണ്ടർ ലഭിച്ചത്. അഴീക്കൽ പോർട്ടിന്റെ വികസനത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുകയും പെട്രോൾ ബോട്ട്, ഡ്രെഡ്ജർ എന്നിവ വാങ്ങുന്നതിന് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് നിലവിൽ ചരക്ക് കൈകാര്യം ചെയ്യുന്നതിന് 266 മീറ്റർ നീളമുള്ള വാർഫും 5 ടൺ ശേഷിയുള്ള ക്രെയിനും ലഭ്യമാണ്. അവിടെനിന്ന് കണ്ടെയ്നർ കപ്പൽ സർവ്വീസ് തുടങ്ങുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്. കൂടാതെ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുമുണ്ട്. തീരദേശ കപ്പൽ ഗതാഗതം നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കൊല്ലം-വല്ലാർപാടം റൂട്ടിൽ ആരംഭിച്ച കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി അഴീക്കൽ, ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. യാനങ്ങൾ നിർമ്മിക്കുന്നവർക്ക് സ്ബ്സിഡി നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഓണത്തോടുകൂടി കൊല്ലം പോർട്ടിൽ പാസഞ്ചർ കപ്പൽ കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. ചരക്ക് ഗതാഗതം ജലമാർഗ്ഗമാക്കി മാറ്റുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കണ്ടെയ്നർ ചരക്കുനീക്കം അഴീക്കൽ തുറമുഖത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ

ഭാഗമായി കപ്പലുടമകൾ, കാർഗോ ഉടമകൾ, ഏജന്റുമാർ, കണ്ടെയ്നർ ക്രെയിൻ ഉടമകൾ എന്നിവരുടെ യോഗം ജൂലായ് മാസം 5-ാം തീയതി കണ്ണൂർ വച്ച് ചേരുന്നതാണ്. അഴീക്കൽ പോർട്ടിലൂടെയുള്ള കപ്പൽ ഗതാഗതം സജീവമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

## (2) സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എം. ഹംസ: പുതിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി ആർ.ബി.ഐ. നടപ്പാക്കുന്ന പരിഷ്കാരങ്ങൾ സഹകരണ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുക യാണ്. 2015 ഏപ്രിൽ, 1 മുതൽ എസ്.എൽ.ആർ. ഗവൺമെന്റ് സെക്യൂരിറ്റിയിൽ നിക്ഷേപിച്ചാൽ സംസ്ഥാന സഹകരണ ബാങ്കിന്റെ അവസ്ഥയെന്താകുമെന്നതിനെ ക്കുറിച്ച് ഗൗരവമായി പരിശോധിക്കണം. 2015 മാർച്ച് 31-നകം സി.ആർ.എ.ആർ. ഏഴ് ശതമാനവും 2017-ൽ അത് ഒമ്പത് ശത്മാനവും ആക്കി ഉയർത്തണമെന്ന നിർദ്ദേശവും ജില്ലാ ബാങ്കുകളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക സഹായം നൽകിയിട്ടും പത്ത് ജില്ലാ ബാങ്കുകൾക്ക് സി.ആർ.എ.ആർ. കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിൽ ഭേദഗതി വരുത്താൻ സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുക്കണം. കാർഷിക കടാശ്വാസം കൃത്യമായി ലഭ്യമാക്കാനുള്ള ഇടപെടൽ നടത്തണം. ലാഭത്തിൽ

പ്രവർത്തിക്കുന്ന ബാങ്കുകൾ നിശ്ചിത ശതമാനം ആദായ നികുതി അടയ്ക്കണമെന്ന കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. മെമ്പേഴ്സ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ നിയമഭേദഗതി വരുത്തണം. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ പലിശ സഹകരണ ബാങ്കുകൾക്ക് നൽകണം. സഹകരണ മേഖലയെ സംരക്ഷിക്കാനും കാലത്തിനനുസൃതമായ മാറ്റം വരുത്താനുമായി സഹകാരികളേയും എം.എൽ.എ. മാരേയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാല സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കണം. റിസ്ക് ഫണ്ട്, മെമ്പേഴ് റിലീഫ് ഫണ്ട് എന്നിവയിലെ അപാകതകൾ പരിഹരിച്ച് നിയമാനുസൃതമായ മാറ്റങ്ങൾ വരുത്തണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല):</u> കേരള സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളുമാണ് സംസ്ഥാനത്ത് ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്നത്. സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അപ്രതീക്ഷിതമായ സാമ്പത്തിക തകർച്ച ഒഴിവാക്കുന്നതിനുമായി ബാങ്കുകളുടെ നിശ്ചിത മൂലധന പര്യാപ്തത ഉറപ്പാക്കണമെന്ന് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുണ്ട്. അത് ഉറപ്പുവരുത്തേണ്ടത് ധനകാര്യ

സ്ഥാപനങ്ങളുടെ നിലനില്പിനും നിക്ഷേപകരുടെ സംരക്ഷണത്തിനും ആവശ്യമാണ്. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് സി.ആർ.എ.ആർ. ഒമ്പത് ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളിൽ വ്യക്തിഗത നിക്ഷേപം നടത്തുന്നവരേയും വായ്പക്കാരേയും നാമമാത്ര അല്ലെങ്കിൽ അസോസ്സിയേറ്റ് അംഗമാക്കുന്നതിനുള്ള നിയമ ഭേദഗതി വരുത്തിയിട്ടുണ്ട്. നാമമാത്ര അംഗങ്ങളായ വ്യക്തികളിൽനിന്ന് കുറഞ്ഞ തുക മാത്രമേ ഓഹരിയായി സ്വീകരിക്കുകയുള്ളൂ. വായ്പക്കാർക്ക് നാമമാത്ര ഓഹരി നൽകി ഇടപാടുകാരെ ബാങ്കുമായി കൂടുതൽ ബന്ധപ്പെടുത്തുന്നതിനാണ് നിയമഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ബിസിനസ്സ് വരുമാനത്തിന്റെ നിശ്ചിത ശതമാനം നികുതി അടയ്ക്കേണ്ടി വരികയും ആദായ നികുതി വകുപ്പ് പ്രകാരമുള്ള ഇളവ് ഒഴിവാക്കുകയും ചെയ്തതിലൂടെ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ അംഗങ്ങൾക്ക് നൽകുന്ന ലാഭവിഹിതം കുറഞ്ഞിരിക്കുകയാണ് . പ്രകാശ്ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കേണ്ടതില്ലെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സഹകാരികളെയും എം.എൽ.എ.മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാല നടത്തണമെന്ന ആവശ്യം സ്വാഗതാർഹമാണ്. സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾക്കാണ് ഗവൺമെന്റ് മുൻതൂക്കം

നൽകുന്നത്. ആർ.ബി.ഐ. കൊണ്ടുവരുന്ന നിയന്ത്രണങ്ങൾ സഹകരണ പ്രസ്ഥാനങ്ങൾക്ക് ഗുണകരമാണെങ്കിൽ സ്വീകരിക്കുന്നതാണ്. മെമ്പേഴ്സ് റിലീഫ് ഫണ്ടിലേക്ക് ലാഭത്തിന്റെ പത്ത് ശതമാനം അടയ്ക്കണമെന്ന വ്യവസ്ഥയടങ്ങിയ കരട് ചട്ടം സർക്കാരിന്റെ പരിഗണനയിലാണ്. നിരക്ക് കുറയ്ക്കുന്ന കാര്യം ചട്ടം ഫൈനലൈസ് ചെയ്യുന്ന സന്ദർഭത്തിൽ പരിഗണിക്കുന്നതാണ്.

## സബ്മിഷൻ

### (1) കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ

ശ്രീ. പി. കെ. ബഷീർ: പോലീസ് സ്റ്റേഷനുകൾ, എക്സൈസ്/റവന്യൂ ഓഫീസുകൾ എന്നിവിടങ്ങളിൽ വിവിധ കേസ്സുകളിൽ ഉൾപ്പെട്ട് കിടക്കുന്ന വാഹനങ്ങളുടെ ലേല നടപടികൾ നിയമഭേദഗതിയിലൂടെ പൂർത്തീകരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിവിധ കുറ്റകൃത്യങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി രൂപീകരിച്ച കമ്മിറ്റി ഡിസ്പോസ് ചെയ്യുന്നതിന് നിയമതടസ്സമില്ലാത്ത വാഹനങ്ങളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിലേയ്ക്കായി നടപടി സ്വീകരിച്ചുവരുന്നു. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതുസംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## (2) പ്രസന്നകുമാറിന്റെ ദുരൂഹമരണം

ശ്രീ. വി. ശിവൻകുട്ടി: പ്രകൃതി ദുരന്ത നിവാരണ വകുപ്പ് ഉദ്യോഗസ്ഥനും മുൻ തിരുവനന്തപുരം ആർ.ഡി.ഒ.-യും ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറുമായിരുന്ന എം. പ്രസന്നകുമാറിന്റെ ദുരൂഹമരണം സംബന്ധിച്ച് അന്വേഷണം നടത്തണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രസന്നകുമാറിന്റെ സഹോദരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ നൂറനാട് പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെങ്ങന്നൂർ ആർ.ഡി.ഒ. ഇൻക്വസ്റ്റ് നടത്തുകയും പ്രസന്നകുമാറിന്റെ മരണത്തിൽ സംശയമുണ്ടെന്ന് ബന്ധുക്കൾ മൊഴി നൽകുകയും ചെയ്തിട്ടുണ്ട്. 'Death due to hanging' ആണെന്നും ആന്തരികാവയവങ്ങളുടെ പരിശോധനയ്ക്കുശേഷം മാത്രമേ അന്തിമാഭിപ്രായം പറയുവാൻ കഴിയുകയുള്ളൂവെന്നുമാണ് പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ അഭിപ്രായം. ബന്ധുക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ കേസ്സിന്റെ തുടരന്വേഷണം നടത്തുന്നതിന് ഡിവൈ.എസ്.പി. റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (3) കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാസർഗോഡ് ജില്ലയിൽ 2013 ഏപ്രിലിൽ ഉണ്ടായ വേനൽ മഴയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന്

നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): 26-04-2013-ലെ ശക്തമായ കാറ്റിൽ കാസർഗോഡ് ജില്ലയിലെ 14 പഞ്ചായത്തുകളിലുണ്ടായ കൃഷിനാശത്തിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന് കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. പ്രസ്തുത സംഭവത്തിന് 11,39,84,000 രൂപ നഷ്ടപരിഹാരം അനുവദിക്കുകയുണ്ടായി. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ പരിധിയിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. ഈ സാഹചര്യത്തിൽ കൃഷി ഡയറക്ടറുടെ മേൽപ്പറഞ്ഞ ശുപാർശയിൻമേൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രകൃതി ദുരന്തംമൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് 12-09-12-ലെ ജി.ഒ പ്രകാരം ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കണമെന്നും കൂടുതൽ കേന്ദ്രസഹായത്തിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടെന്നും ടി ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ ധനസഹായം അനുവദിക്കാനാകൂ എന്നും പ്രസ്തുത ധനസഹായം അപര്യാപ്തമാണെന്ന് കാണുന്ന പക്ഷം കൃഷിനാശത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് കൃഷി വകുപ്പിന് നേരിട്ട് നടപടി സ്വീകരിക്കാമെന്നുമാണ് അറിയിച്ചത്. കൃഷി ഡയറക്ടറുടെ പ്രൊപ്പോസൽ പ്രകാരം

സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി കൂടുതൽ തുക നൽകുന്നതിന് ശുപർശ ചെയ്തിട്ടുണ്ട്. പ്രസ്തുത നഷ്ടപരിഹാരത്തുക 2014 ആഗസ്റ്റ് 16-നകം ലഭ്യമാക്കുന്നതാണ്. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ മാനദണ്ഡപ്രകാരം ലഭിച്ച 1,50,00,910 രൂപ കാസർഗോഡ് ജില്ലാകളക്ടർ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

## (4) മൃതദേഹം വിട്ടുകിട്ടുന്നതിലെ തടസ്സം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ മെഡിക്കൽ കോളേജിൽ മൃതദേഹം വിട്ടുകൊടുക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പിൻവലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് മോർച്ചറി 26-3-2014- മുതൽ ഫോറൻസിക് വകുപ്പ് മേധാവിയുടെ പൂർണ്ണ നിയന്ത്രണത്തിലാണ്. മൃതദേഹം സൂക്ഷിക്കുന്നതും വിട്ടുകൊടുക്കുന്നതും സുഗമമാക്കുന്നതിന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഉത്തരവ് നൽകിയിട്ടുണ്ട്. കോൾഡ് റൂമിൽ മൃതദേഹം സ്വീകരിക്കുവാനും സൂക്ഷിക്കാനും വിട്ടുകൊടുക്കാനും ആവശ്യമായ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഈ സംവിധാനം തുടരുന്നതിന് 24 മണിക്കൂറും പ്രിൻസിപ്പലിന് കർശന നിർദ്ദേശം നൽകുന്നതാണ്. പ്രിൻസിപ്പലിന്റെ തീരുമാനത്തിന് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അന്വേഷിച്ച് കർശന നടപടി

സ്വീകരിക്കുന്നതാണ്

## (5) പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തൽ

ശ്രീ. എ.കെ. ശശീന്ദ്രൻ : എലത്തൂർ നിയോജകമണ്ഡലത്തിലെ കക്കോടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): പ്രസ്തുത പി.എച്ച്.സി.യിൽ 300-350 ഒ.പി.യാണുള്ളത്. കിടത്തി ചികിത്സാ സൗകര്യമില്ലാത്ത ആരോഗ്യ കേന്ദ്രത്തിന് 10 കി.മി ചുറ്റളവിലായി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തലക്കുളത്തൂർ സിഎച്ച്.സി. എന്നിവയും 13 കി.മി. ദൂരത്തിൽ നരിക്കുനി സി.എച്ച്.സി.യും പ്രവർത്തിക്കുന്നുണ്ട്. കക്കോടി പി.എച്ച്.സി. യെ സി.എച്ച്.സി. യായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. അടിസ്ഥാന സൗകര്യം ഒരുക്കുന്ന മുറയ്ക്ക് ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## (6) സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയം

ശ്രീ. അൻവർ സാദത്ത് : ആലുവാ ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ആലുവാ ജില്ലാ ആശുപത്രിയിൽ 28 ഡോക്ടർമാർ ഉൾപ്പെടെ 162 ജീവനക്കാരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്. രണ്ട് ഡോക്ടർമാർ ഉൾപ്പെടെ 17 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ജൂനിയർ കൺസൾട്ടന്റ് ഡെർമറ്റോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ തസ്തികകളിലെ ഒഴിവുകൾ അഡ്ഹോക് വ്യവസ്ഥയിൽ നികത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിൽ നിലവിലുള്ള പി.ജി. ഡോക്ടർമാരുടെ റാങ്ക് ലിസ്റ്റിൽനിന്ന് ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മറ്റ് ഒഴിവുള്ള തസ്തികകൾ സ്ഥാനക്കയറ്റം മുഖേനയും ജില്ലാതലത്തിൽ നിയമനം നടത്തിയും എത്രയും വേഗം നികത്തുന്നതാണ്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (7) രാത്രികാലങ്ങളിൽ ബസ് സർവ്വീസ്

ശ്രീ. ബെന്നി ബെഹനാൻ: കാക്കനാട് നിന്ന് കൊച്ചിയിലേയ്ക്കും കിഴക്കൻ മേഖലയിലേയ്ക്കും രാത്രി 8 മണി മുതൽ 10 മണിവരെ കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രസ്തുത സ്ഥലത്ത് മതിയായ യാത്രക്കാർ ഉണ്ടെന്ന് ഉറപ്പുവരുത്തിയാൽ ബസ് സർവ്വീസ് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഇൻഫോ പാർക്ക് ജീവനക്കാർക്കായി ഹയർ വ്യവസ്ഥയിൽ ബസ് സർവ്വീസ് അനുവദിക്കാൻ തയ്യാറാണ്. കൊച്ചിയിലെ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (8) ബോട്ട് സർവ്വീസ് പുനരാരംഭിക്കൽ

ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ): തൃക്കരിപ്പൂർ പയ്യന്നൂർ നിയോജകമണ്ഡലങ്ങളിലെ ബോട്ട് യാത്രക്കാരുടെ ദുരിതം പരിഹരിക്കുന്നതിന് കൊറ്റി-കോട്ടപ്പുറം ജലപാതയിൽ നിറുത്തലാക്കിയ ബോട്ട് സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): യാത്രക്കാർ കുറഞ്ഞതും മതിയായ വരുമാനം ലഭിക്കാത്തതും ഓരിക്കടവ്-മാവിലേടം പാലം ഗതാഗതയോഗ്യമായതും കാരണമാണ് ഈ റൂട്ടിലെ സർവ്വീസ് നിർത്തലാക്കിയത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ച് യാത്രാപ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) സരയൂ ടൂറിസം പദ്ധതി

ശ്രീമതി ഗീതാ ഗോപി: നാട്ടിക നിയോജകമണ്ഡലത്തിലെ സരയൂ ടൂറിസം പദ്ധതിക്ക് ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിനും പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സരയൂതീരം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ആർക്കിയോളജി വകുപ്പിന്റെ അനുമതിക്കായി സമർപ്പിക്കേണ്ട റവന്യൂ വകുപ്പിൽ നിന്നുള്ള രേഖകൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ ലഭ്യമാകുമെന്ന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമായാലുടൻ ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (10) വൃദ്ധജനങ്ങളുടെ പുനരധിവാസം

ശ്രീ. എം. പി. വിൻസെന്റ് : സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൃദ്ധജനങ്ങളുടെ പുനരധിവാസവും സംരക്ഷണവും ഉറപ്പാക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും വൃദ്ധജനങ്ങളുടെ സംരക്ഷണം സംബന്ധിച്ച് കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനും നടപടി

സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): വയോജനങ്ങളുടെ സംരക്ഷണം സർക്കാരിന്റെ കടമയായി കണക്കാക്കി വയോജനനയം പരിഷ്കരിച്ച് മുതിർന്നപൗരന്മാർക്കുള്ള നയരേഖ പുറത്തിറക്കിയിട്ടുണ്ട്. വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനും സർക്കാർ ആശുപത്രികളിൽ പ്രത്യേക ക്യൂവും ചികിത്സാസൗകര്യവും അനുവദിക്കുന്നതിനും സാമൂഹ്യസുരക്ഷാ മിഷന്റെ വയോമിത്രം പദ്ധതി മിഷൻ 676-ൽപ്പെടുത്തി എല്ലാ മുനിസിപ്പാലിറ്റികളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. മുതിർന്ന പൗരന്മാരുടെ നയവുമായി ബന്ധപ്പെട്ട പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിനായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥതല സമിതി രൂപീകരിക്കുകയും ആക്ഷൻപ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

## (11) ജാതി-സാമ്പത്തിക സർവ്വേ

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സംസ്ഥാനത്തെ ജാതി-സാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച കരട് റിപ്പോർട്ടിലെ അപാകതകൾ

തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പന്ത്രണ്ടാം പദ്ധതിയുടെ ഭാഗമായി വികസന ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും നഗര/ഗ്രാമ വികസനത്തിനായുള്ള നിലവിലെ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും പുതിയ കേന്ദ്ര പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി സംസ്ഥാനത്ത് സാമൂഹിക സാമ്പത്തിക ജാതി സർവ്വേ നടത്തുകയും അതിന്റെ അടിസ്ഥാനത്തിലുള്ള കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനുള്ള കാലാവധി നീട്ടിയിട്ടുണ്ട്. ഈ സർവ്വേ കൃത്യമായാണോ നടത്തിയത് എന്ന ആശങ്കയ്ക്ക് പരിഹാരം കാണുന്നതിനായി പഞ്ചായത്ത് അസോസിയേഷനുകളുമായി ആലോചിച്ച് പ്രായോഗിക നിർദ്ദേശം സമർപ്പിക്കുന്നതിന് എൽ.എസ്.ജി.ഡി. സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (12) നന്ദികേശ ശില്പഗ്രാമം

ശ്രീ. ആർ. രാജേഷ്: മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പഗ്രാമമായി പ്രഖ്യാപിക്കണമെന്നും നൂറനാട് പടനിലത്തെ

ശില്പപൈതൃക കേന്ദ്രമായി അംഗീകരിക്കണമെന്നും ആവശ്യപ്പെടുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): നൂറ്റാണ്ടുകളുടെ പഴക്കമുള്ള പൈതൃക കലാരൂപങ്ങളുടെ ഭംഗിയും തനിമയും ചോർന്നുപോകാതെ ഡോക്യുമെന്റ് ചെയ്യുന്നതിനും അത്തരം കലാരൂപങ്ങളുടെയും കലാകാരന്മാരുടെയും ഡാറ്റാബെയ്സ് തയ്യാറാക്കുന്നതിനുമായി ആരംഭിച്ചിട്ടുള്ള കേരള സംസ്ഥാനത്തിന്റെ വ്യാപനമെന്ന പദ്ധതിയിൽ നൂറനാടിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. നൂറനാട് നന്ദികേശ ശില്പ ഗ്രാമമായി അംഗീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (13) ഭവനനിർമ്മാണത്തിന് യോഗ്യമാക്കൽ

ശ്രീ. ജോസഫ് വാഴക്കൻ: മൂവാറ്റുപുഴയിലെ ആവോലി ഗ്രാമപഞ്ചായത്തിലുൾപ്പെടെ "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി"യിൽ ഉൾപ്പെടുത്തി മൂന്ന് സെന്റ് ഭൂമി വീതം ലഭിച്ചവർക്ക് മരങ്ങൾ മുറിച്ചുമാറ്റി വീട് വയ്ക്കുന്നതിന് അനുമതി നൽകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മൂവാറ്റുപുഴയിലെ ആവോലി ഗ്രാമപഞ്ചായത്തിൽ വീട് വയ്ക്കുന്നതിനായി മൂന്ന് സെന്റ് വീതം ഭൂമി ലഭിച്ച ഭൂരഹിതർക്കാവശ്യമായ സൗകര്യമൊരുക്കാൻ എറണാകുളം ജില്ലാ കളക്ടർക്കും സംസ്ഥാനത്തൊട്ടാകെ ഈ വിഷയത്തിന് പരിഹാരമുണ്ടാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (14) കെട്ടിടനിർമ്മാണത്തിന് സ്ഥലം അനുവദിക്കൽ

ശ്രീ. ജെയിംസ് മാത്യു: കുറുമാത്തൂർ ഐ.ടി.ഐ.-ക്ക് കെട്ടിടം പണിയുന്നതിനാവശ്യമായ മൂന്ന് ഏക്കർ സ്ഥലം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കുറുമാത്തൂർ ഐ.ടി.ഐ.-ക്ക് കെട്ടിടം പണിയുന്നതിന് മൂന്ന് ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിനായി ലാന്റ് ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## ധനകാര്യം

## 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ
(59,45,33,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV- വനം (359,24,83,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം (441,75,08,000 രൂപ)

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുതപദ്ധതികൾ (109,87,33,000 രൂപ)

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. ബാബു എം. പാലിശ്ശേരി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വൈദ്യുതി മേഖലയിൽ നിലനിൽക്കുന്ന ഇന്നത്തെ പ്രതിസന്ധിക്ക് കാരണം

കെടുകാര്യസ്ഥതയും ആസൂത്രണമില്ലായ്മയുമാണ്. രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയുണ്ടായിട്ടും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ലോഡ് ഷെഡ്ഡിംഗും താരിഫ് വർദ്ധനയും ഏർപ്പെടുത്തിയില്ലെന്ന് മാത്രമല്ല കൂടുതൽ 11 കെ. വി. ലൈനുകളും ട്രാൻസ്ഫോർമറുകളും സബ്സ്റ്റേഷനുകളും സ്ഥാപിക്കുകയും 3500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്തു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 208 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുകയും നാല് ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താരംഭിച്ച വൈദ്യുതി ട്രാൻസ്മിഷൻ ലൈനുകളുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടി ആരംഭിക്കണം. ഈ ഗവൺമെന്റ് 2500 കോടി രൂപയുടെ താരിഫ് വർദ്ധനവ് ഏർപ്പെടുത്തി വൈദ്യുതി മേഖലയെ സ്വകാര്യവത്ക്കരിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ആന പാപ്പാന്മാർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തണം. കുന്നംകുളത്ത് ആനകളെ ചികിത്സിക്കുന്നതിനുള്ള ആശുപത്രി ആരംഭിക്കണം.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനത്തിന്റെ പേരിൽ പരിസ്ഥിതി നിയമങ്ങൾ അട്ടിമറിക്കപ്പെടാൻ പാടില്ല. ഒഴിവുകൾ നികത്തി വനം വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം.

സമയബന്ധിതമായി കേസ്സുകൾ തീർപ്പാക്കി അനധികൃതമായി കൈവശം വച്ചിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞതുമായ സർക്കാർ ഭൂമി തിരിച്ചുപിടിക്കാനുള്ള കർമ്മ പദ്ധതി ആവിഷ്കരിക്കണം. നെല്ലിയാമ്പതിയിൽ പാട്ടക്കരാർ ലംഘിച്ച വനഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വിദഗ്ധരായ അഭിഭാഷകരെ നിയോഗിക്കണം. കരുണ എസ്റ്റേറ്റിന് വനഭൂമി പോക്കുവരവ് ചെയ്തുകൊടുത്തതിലെ അട്ടിമറി സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തി ഭൂമി തിരിച്ചുപിടിക്കാനും റിസീവർ ഭരണത്തിലുള്ള വേങ്ങനാട് കോവിലകം വക ഭൂമി വില്പന നടത്തിയത് സംബന്ധിച്ച് പരിശോധിക്കാനും നടപടി സ്വീകരിക്കണം. പാട്ടക്കാലാവധി അവസാനിച്ച മുല്ലിവാലി എസ്റ്റേറ്റ് ഹാരിസൺസ് മലയാളം കമ്പനിയിൽനിന്ന് തിരിച്ചുപിടിക്കണം. പരിസ്ഥിതി നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. പരിസ്ഥിതി സംരക്ഷിക്കാൻ പ്രതിബദ്ധതയുള്ള ഉദ്യോഗസ്ഥരെ പരിസ്ഥിതി വകുപ്പിന്റെ തലപ്പത്ത് നിയമിക്കണം. ജല-വായു സംരക്ഷണ നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതിനായി പരിസ്ഥിതി അവലോകന സമിതിക്ക് രൂപം നൽകണം. അനധികൃത ക്വാറികളുടെ പ്രവർത്തനം നിരോധിക്കണം. അനധികൃത പാറഖനനം സംബന്ധിച്ച് അന്വേഷണം നടത്താൻ ഒരു കമ്മീഷനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. ആദിവാസികൾക്ക്

ഭൂമി നൽകാനുള്ള നടപടി സ്വീകരിക്കണം. വനം പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ നടത്തണം. തീരദേശ പരിപാലനനിയമം സംരക്ഷിക്കാനും പ്രസ്തുത നിയമം ലംഘിച്ചുകൊണ്ട് നടക്കുന്ന അനധികൃത കെട്ടിടനിർമ്മാണം നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം. കരുണ എസ്റ്റേറ്റുമായി ബന്ധപ്പെട്ട കേസ്സുകളുടെ നടത്തിപ്പിനായി ഒരു മോണിറ്ററിംഗ് സംവിധാനമേർപ്പെടുത്തണം. ജനങ്ങൾ ആവശ്യപ്പെടുന്ന പ്രദേശങ്ങളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കണം. കൊടുങ്ങല്ലൂരിലെ പൊയ്യയിൽ സെക്ഷൻ ഓഫീസ് ആരംഭിക്കണം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി-യെ സംരക്ഷിക്കാനായി ആവിഷ്ക്കരിച്ച പദ്ധതികൾ നടപ്പാക്കാൻ സാധിക്കാത്തത് ഖേദകരമാണ്. കൂടുതൽ കെ.എസ്. ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കി കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും പെൻഷൻ കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കണം. മോട്ടോർവാഹന വകുപ്പിൽ സിസ്റ്റം സൂപ്പർവൈസർ തസ്തികയിൽ നടന്ന അനധികൃത നിയമനം പിൻവലിക്കാനും ഉത്തരവാദികളെ കണ്ടെത്താനും നടപടി സ്വീകരിക്കണം. വനങ്ങളും കണ്ടൽക്കാടുകളും സംരക്ഷിക്കണം.

വൈദ്യുതമേഖലയിൽ യാതൊരു നേട്ടവും ഈ സർക്കാരിന് അവകാശപ്പെടാനില്ല. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി താറുമാറാക്കി. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പവർകട്ടും ലോഡ് ഷെഡ്ഡിംഗും നിത്യസംഭവമായി മാറിയിരിക്കുകയാണ്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.യെ പുനരുജ്ജീവിപ്പിക്കാനാവശ്യമായ സമഗ്രമായ പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. സ്വകാര്യ ഏജൻസികൾ സർവ്വീസ് നടത്താൻ വിമുഖത കാട്ടുന്ന മേഖലകളിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നതോടൊപ്പം ആധുനികവൽക്കരിച്ച വാഹനങ്ങളും നിരത്തിലിറക്കണം. സമഗ്രമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം നോൺ കൊമേഴ്സ്യൽ റൂട്ടിനുവേണ്ടി കോർപ്പറേഷന് സബ്സിഡി നൽകുകയും ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക നൽകാൻ തയ്യാറാകുകയും ചെയ്യണം. സർവ്വീസ് നടത്തി ലഭിക്കുന്ന ലാഭം പുതിയ ബസുകൾ വാങ്ങാൻ വിനിയോഗിക്കുകയും ജീവനക്കാരുടെ അനുപാതം കുറച്ചുകൊണ്ടുവരികയും ഇന്ധനക്ഷമത കൈവരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുകയും വേണം.

നോൺ ഓപ്പറേഷണൽ സർവ്വീസ് വർദ്ധിപ്പിക്കുന്നതിന് പുതിയ അന്തർ-സംസ്ഥാന ബസ്സുകൾ കൊണ്ടുവരണം. കെ.റ്റി.ഡി.സി.-യുമായി സഹകരിച്ച് വാഹനങ്ങൾ വാടകയ്ക്ക് നൽകുന്നതിനെ സംബന്ധിച്ച് ആലോചിക്കുകയും കൊറിയർ, പാഴ്സൽ സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തുകൊണ്ട് പൊതുമേഖലയെ പ്രോത്സാഹിപ്പിക്കുന്ന നയം സ്വീകരിക്കണം. കെ.ടി.ഡി.എഫ്.സി.-യുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിലവിലുള്ള സർവ്വീസ് 40 ആക്കി വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള പദ്ധതിക്ക് നേതൃത്വം നൽകുകയും സമഗ്രമായ പ്രൊഫഷണൽ മാനേജ്മെന്റ് കൊണ്ടുവരികയും ചെയ്യണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാട്ടുതീ, അതിവർഷം, കൊള്ള എന്നിവമൂലം കേരളത്തിന്റെ വനവും വനസമ്പത്തും നശിക്കുകയാണ്. ചന്ദനമോഷണ കേസ്സുകൾ അട്ടിമറിക്കപ്പെടുകയാണ്. വന വിസ്തൃതിയെയും പാരിസ്ഥിതിക സന്തുലിതാവസ്ഥയെയും ബാധിക്കുന്ന മുല്ലപ്പെരിയാർ പ്രശ്നത്തിൽ വനം വകുപ്പ് യാതൊരു ഇടപെടലും നടത്താത്തത് പ്രതിഷേധാർഹമാണ്. വയനാട് ഉണ്ടായ കാട്ടുതീയെക്കുറിച്ച് അന്വേഷിക്കണമെന്ന ക്രൈംബ്രാഞ്ച് ശുപാർശ നടപ്പാക്കാനോ വനവിസ്തൃതി സംരക്ഷിക്കാനോ ഒരു

നടപടിയും സ്വീകരിക്കുന്നില്ല. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം കാലോചിതമായി പരിഷ്കരിക്കണം. ഒരു യൂണിറ്റ് വൈദ്യുതിപോലും ഉൽപ്പാദിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. പ്രതീക്ഷയ്ക്ക് വകനൽകുന്ന യാതൊരു പ്രവർത്തനവും വൈദ്യുതി വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ചീമേനി താപ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. സർക്കാർ, വൈദ്യുതി ബോർഡിന്റെ നഷ്ടം സംബന്ധിച്ച കണക്കുകൾ നിരത്തുമ്പോൾ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അത് അംഗീകരിക്കുന്നില്ലെന്നത് ബോർഡിന്റെ പ്ലാനിംഗിലും നടത്തിപ്പിലുമുള്ള പൊരുത്തക്കേടുകളെയാണ് കാണിക്കുന്നത്. വൈദ്യുതി ബോർഡിന്റെ കീഴിലുള്ള സ്ഥലങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ഒരു നടപടിയും സ്വീകരിക്കുന്നില്ല. മലബാർ മേഖലയിലെ യാത്രാക്ലേശം അവസാനിപ്പിക്കുന്നതിന് മലബാർ, മാവേലി എക്സ്പ്രസ് ട്രെയിനുകൾക്കിടയിൽ പുതിയ ട്രെയിൻ അനുവദിക്കണമെന്ന് 27-ാം തീയതി ചേരുന്ന എം.പി.-മാരുടെ യോഗത്തിൽ ഉന്നയിക്കാനും പ്രസ്തുത ആവശ്യം കേന്ദ്ര സർക്കാരിനെ അറിയിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. റ്റി. യു. കുരുവിള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനവും കരുതലും എന്ന മുദ്രാവാക്യം നടപ്പാക്കാനും എല്ലാ വിഭാഗങ്ങൾക്കും ക്ഷേമം ഉറപ്പുവരുത്താനും സർക്കാരിന് കഴിഞ്ഞു. പാവപ്പെട്ടവർക്കുള്ള ചികിത്സാ സഹായവും സാമൂഹ്യക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ചു. കസ്തൂരിരംഗൻ റിപ്പോർട്ട് സംബന്ധിച്ച് മലയോര കർഷകർക്കിടയിലുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനും വനപ്രദേശങ്ങളിൽ ജീവിക്കുന്നവരെ വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ അദ്ധ്യാപികയുടെ കുടുംബത്തിന് അർഹമായ ധനസഹായവും ആശ്രിത നിയമനവും നൽകാമെന്ന ഗവൺമെന്റിന്റെ വാഗ്ദാനം പാലിക്കണം. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും കോതമംഗലം-കുട്ടൻപുഴ വില്ലേജുകളിലെ ആദിവാസി കോളനികളിൽനിന്നും വന്യമൃഗ ആക്രമണംമൂലം കുടിയിറക്കപ്പെട്ട ആദിവാസി കുടുംബങ്ങളെ അനുയോജ്യമായ സ്ഥലത്ത് അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. റവന്യൂ-വനം വകുപ്പുകൾ നടത്തിയ വെരിഫിക്കേഷൻ ലിസ്റ്റിന്റെ

അടിസ്ഥാനത്തിൽ പട്ടയ വിതരണം നടത്താൻ നടപടിയുണ്ടാകണം. ഇടമലയാർ, ചേലമല, മുനിയറ തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുത്തി ഇക്കോ-ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കുകയും കോതമംഗലം-നേര്യമംഗലം വഴി മൂന്നാറിലേയ്ക്കുള്ള സമാന്തര പാതയുടെ ശോച്യാവസ്ഥ പരിഹരിച്ച് സഞ്ചാരയോഗ്യമാക്കുകയും വേണം. തട്ടേക്കാട് പക്ഷിസങ്കേത കേന്ദ്രത്തിലുള്ള ജീവികളുടെ ആക്രമണങ്ങളിൽ കൃഷി സ്ഥലങ്ങൾ നശിക്കുന്നത് സംബന്ധിച്ച് മനസ്സിലാക്കാൻ സബ്ജക്ട് കമ്മിറ്റി പ്രസ്തുത പ്രദേശം സന്ദർശനം നടത്തണം. കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കാനും കോതമംഗലത്തുനിന്ന് വേളാങ്കണ്ണിയിലേയ്ക്കുള്ള ബസ് സർവ്വീസ് പുനരാരംഭിക്കാനും ബാംഗ്ലൂരിലേക്ക് പുതിയ ബസ്സ് സർവ്വീസ് അനുവദിക്കാനും നടപടി സ്വീകരിക്കണം. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി ഭൂതത്താൻകെട്ടിൽ മിനി-ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടിന്റെ പണി പൂർത്തീകരിക്കുന്നതിനും ആദിവാസി മേഖലകളായ കുട്ടൻപുഴ, കോതമംഗലം, മണികണ്ഠൻചാൽ എന്നിവിടങ്ങളിലേയ്ക്ക് വൈദ്യുതി കണക്ഷൻ എത്തിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

യു.ഡി.എഫ്. ഗവൺമെന്റ് സമസ്ത മേഖലകളെയും വികസനോന്മുഖമാക്കി ജനപക്ഷത്തുനിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജനസമ്പർക്ക പരിപാടികളിലൂടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിനെതിരെ ഇടതുപക്ഷം നടത്തുന്ന സമര പരമ്പരകൾ പരാജയപ്പെടുന്ന കാഴ്ചകൾക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. വനമേഖലയിൽ താമസിക്കുന്ന കർഷകർക്ക് പ്രയോജനപ്രദമാകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് അർഹമായ ധനസഹായം നൽകുകയും ആക്രമണത്തിൽ മരണമടയുന്നവരുടെ കുടുംബങ്ങളുടെ സംരക്ഷണം സർക്കാർ ഏറ്റെടുക്കുകയും ചെയ്യണം. വനമേഖലയും ജനവാസകേന്ദ്രങ്ങളും വേർതിരിക്കുന്നതിനായി കൽമതിലുകൾ നിർമ്മിക്കണം. സ്വയം പുനരധിവാസ പദ്ധതിയുടെ പേരിൽ ആദിവാസി കുടുംബങ്ങളെ നിർബന്ധപൂർവ്വം വനത്തിനുള്ളിൽനിന്ന് പുറത്തുകൊണ്ടുവരാനുള്ള നീക്കം ഉപേക്ഷിക്കണം. ആർ.ജി.ജി.വൈ. പദ്ധതിയുടെ പ്രയോജനം വനത്തിനുള്ളിൽ താമസിക്കുന്നവർക്കുകൂടി അനുഭവവേദ്യമാകണം. മുത്തങ്ങ ഇക്കോ-ടൂറിസം പദ്ധതിയിലൂടെ ജില്ലയ്ക്ക് ലഭ്യമാകുന്ന വരുമാനം വയനാട്

ജില്ലയുടെ സംരക്ഷണത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ഉപയോഗപ്പെടുത്തണം. സുൽത്താൻ ബത്തേരിയിൽ ഡി.ടി.ഒ.യെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചന്ദന മോഷണവും ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതിയും വർദ്ധിച്ചിരിക്കുകയാണ്. അഴിമതിക്കെതിരായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ കാര്യക്ഷമമാകുന്നില്ല. കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി ലഘൂകരിക്കുകയും ത്വരിതഗതിയിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും വേണം. കഴിഞ്ഞ സർക്കാർ ഏറ്റെടുത്ത ഭൂമി സ്വകാര്യവ്യക്തിക്ക് തിരിച്ചുകൊടുക്കാനുള്ള നടപടിയുടെ പിന്നിലുള്ള മാനദണ്ഡം വ്യക്തമാക്കണം. വനംകൊള്ള തടയുവാനും വനഭൂമി സംരക്ഷിക്കുവാനും തദ്ദേശവാസികളെ ഇ.എഫ്.എൽ. പരിധിയിൽനിന്നും രക്ഷപ്പെടുത്തുവാനും വന്യമൃഗങ്ങളിൽനിന്നും കൃഷിയെയും ജനങ്ങളെയും രക്ഷിക്കുവാനും നടപടി സ്വീകരിക്കണം. വൈദ്യുതോത്പാദനം കൂടുതൽ കാര്യക്ഷമമാക്കുകയും ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുകയും വേണം. ഡി.ഡി.സി. മീറ്റിംഗുകളിൽ ഉദ്യോഗസ്ഥർ കൃത്യമായി

പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ക്യാച്ച്മെന്റ് ഏരിയയിൽ ഐ.പി.പി. വ്യവസ്ഥയിൽ പ്രോജക്ടുകൾ നടത്തുന്നതിന് അനുവാദം കൊടുത്തതിന്റെയും ഹൈഡൽ ടൂറിസം മേഖലയിൽ ജീവനക്കാരെ നിയമിച്ചതിന്റെയും വിശദാംശം വ്യക്തമാക്കണം. മോട്ടോർ വാഹനത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മഴ വേണ്ടത്ര ലഭിക്കാതിരുന്നിട്ടും വൈദ്യുതി വിതരണ രംഗം കാര്യക്ഷമമായി മുന്നോട്ടു പോകുന്നുണ്ട്. ആർ.ജി.ജി.വി.വൈ. പദ്ധതി പൂർത്തികരിക്കുവാനായി നടത്തുന്ന പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്. സംസ്ഥാനത്ത് പവർ ഹൈവേ പൂർത്തീകരിച്ചാൽ മാത്രമേ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ. പ്രസരണലൈനിൽ യഥാസമയം അറ്റകുറ്റപ്പണി നടത്തിയും വനമേഖലകളിൽ അണ്ടർ ഗ്രൗണ്ട് കേബിളിംഗ് നടത്തിയും പ്രസരണ നഷ്ടം തടയണം. 25000-ന് മുകളിൽ ഉപഭോക്താക്കളുള്ള സ്ഥലങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കണം. ഡീസലിന്റെ വിലവർദ്ധനവുമൂലം ബ്രഹ്മപുരം ഡീസൽ പ്ലാന്റിന്റെ പ്രവർത്തനത്തിന് വലിയ സാമ്പത്തിക ചെലവുണ്ടാകുന്ന സാഹചര്യത്തിൽ എൽ.എൻ.ജി. ഉപയോഗിച്ചും കൊച്ചിൻ റിഫൈനറിയുടെ ബൈപ്രോഡക്ടായ പെറ്റ്കോക്ക് ഉപയോഗിച്ചും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ

പരിശോധിക്കണം.

ശ്രീ. കെ. രാജു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മോട്ടോർ വാഹന വകുപ്പ് സാധാരണക്കാരന്റെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്ന നികുതികൾ പുന:പരിശോധിക്കണം. ടൂറിസം മേഖലയെത്തന്നെ തകർക്കുന്ന തരത്തിലേക്കാണ് ടൂറിസ്റ്റുബസുകളുടെ നികുതി വർദ്ധനവ് ഉണ്ടായിട്ടുള്ളത്. വാഹനങ്ങളുടെ നികുതി സ്വീകരിക്കുമ്പോൾ വാഹന ഇൻഷ്വറൻസ് നിർബന്ധമല്ല എന്നത് ചട്ടവിരുദ്ധമാണ്. നെല്ലിയാമ്പതിയിലെ കരുണാ പ്ലാന്റേഷൻ സ്വകാര്യ ഗ്രൂപ്പിന് പോക്കുവരവ് ചെയ്തുകൊടുക്കാൻ വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. സ്വകാര്യ മുതലാളിമാർക്ക് ഹെക്ടർ കണക്കിന് വനഭൂമി പതിച്ചുകൊടുത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകണം. വനാതിർത്തിയിൽ താമസിക്കുന്ന കൃഷിക്കാർക്ക് കാട്ടുമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിയും വളർത്തുമൃഗങ്ങളും നഷ്ടപ്പെടുകയാണ്. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെ വെടിവയ്ക്കുന്നതിന് കൃഷിക്കാർക്ക് അനുവാദം നൽകുന്ന അപ്രായോഗികമായ ഉത്തരവ് ഭേദഗതി ചെയ്യണം. റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കണം.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഫലപ്രദമായ വന്യജീവി സംരക്ഷണത്തിലൂടെ അവയുടെ എണ്ണം ക്രമാതീതമായി വർദ്ധിപ്പിക്കുവാൻ

സാധിച്ചിട്ടുണ്ട്. ഇരുമ്പ് ചങ്ങലകൾ ഇട്ടിരിക്കുന്നതുമൂലം ഇടിമിന്നലുണ്ടാകുന്ന സന്ദർഭങ്ങളിൽ ആനകളുടെ ജീവന് ഭീഷണിയുണ്ടാകുന്ന അവസ്ഥ ഒഴിവാക്കണം. വനം വകുപ്പിന്റെ നേതൃത്വത്തിൽ ആന പാപ്പാന്മാരെ പരിശീലിപ്പിക്കുന്നതിനുള്ള സ്കൂൾ ആരംഭിക്കണം. നാട്ടിൻപുറങ്ങളിൽ കാണപ്പെടുന്ന അങ്ങാടിക്കുരുവികളെ സംരക്ഷിക്കാൻ ജനകീയ കൂട്ടായ്മ ഉണ്ടാക്കണം. പാതിരാമണലിനെ വനംവകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കണം. സംസ്ഥാനത്ത് 140 കി.മീ.-ന് മുകളിൽ സർവ്വീസ് നടത്തുന്ന സ്വകാര്യബസുകൾ ഏറ്റെടുക്കാനുള്ള കെ.എസ്.ആർ.ടി.സി.-യുടെ തീരുമാനം പുന:പരിശോധിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മരങ്ങൾ നട്ടു പിടിപ്പിക്കുന്നതിന്റെയും പരിസ്ഥിതി ബോധവത്കരണത്തിന്റെയും ആവശ്യകത, ആഗോളതാപനം മൂലമുള്ള ദോഷഫലങ്ങൾ എന്നിവയെപ്പറ്റി പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിന് സ്ഥിരം പദ്ധതികൾ ആവിഷ്കരിക്കണം. വന്യജീവികളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകരുടെയിടയിൽ അവബോധം സൃഷ്ടിക്കണം. വനം കയ്യേറ്റങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. എന്റെ മരം, നമ്മുടെ മരം പദ്ധതികൾ ലക്ഷ്യം നേടുന്നുണ്ടോയെന്ന് പരിശോധിക്കണം. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വനപ്രദേശത്തുകൂടി കടന്നുപോകുന്ന റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും വൈദ്യുതി ലൈനുകൾക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും നടപടി സ്വീകരിക്കണം. കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും കാസർഗോഡ് നിന്നും മുംബൈയിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നതിനും നടപടി സ്വീകരിക്കണം. വനംകയ്യേറ്റം ഒഴിവാക്കുന്നതിനും ടാക്സികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വർദ്ധിച്ച നിരക്കിലുള്ള ടാക്സ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. ആറ് വർഷമായി കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലിക ഡ്രൈവർമാരായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തണം. റിക്ഷാ ഡ്രൈവർമാർക്കും ടാക്സി ഡ്രൈവർമാർക്കും ബാഡ്ജ് ലഭിക്കുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ ഊർജ്ജപ്രതിസന്ധി പരിഹരിക്കണം. മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ചീമേനി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആത്മാർത്ഥ ശ്രമം നടത്തണം. കാറ്റിൽനിന്നും സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ശ്രമിക്കണം. ഓരോ പഞ്ചായത്തിനും ആവശ്യമായ വൈദ്യുതി അതത് പ്രദേശങ്ങളിലെ നദികളിൽ നിന്നും ഉല്പാദിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

കാസർഗോഡ് നഗരത്തിലെ അണ്ടർഗ്രൗണ്ട് കേബ്ലിംഗ് കമ്മീഷൻ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഫലപ്രദമായ എനർജി മാനേജ്മെന്റിലൂടെ ഊർജ്ജമേഖലയിലെ പ്രതിസന്ധി അതിജീവിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തകർച്ചയിൽനിന്ന് കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിന് പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കിയ നടപടി സ്വാഗതാർഹമാണ്. ഇടുക്കി ജില്ലയിലെ പട്ടയവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സമീപനം വൈദ്യുതി വകുപ്പിന്റെയും വനം വകുപ്പിന്റെയും ഭാഗത്തുനിന്നുണ്ടാകണം. വനം വകുപ്പിന്റെ അധീനതയിലുള്ള ഭാഗങ്ങളിൽ കുടിവെള്ള വിതരണം, റോഡ് നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇടുക്കി കേന്ദ്രമാക്കി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് രൂപീകരിക്കുന്നതിനും നടപടിയുണ്ടാകണം. ഹൈറേഞ്ച് മേഖലയിലേക്ക് പുതിയ ബസ്സുകളും സർവ്വീസുകളും അനുവദിക്കുന്നതിന് നടപടിയുണ്ടാകണം. ഇടുക്കി ആർച്ച് ഡാം സന്ദർശനത്തിന് പ്രത്യേകം പ്രോജക്റ്റുണ്ടാക്കുന്നതിനും ഹൈഡൽ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കാര്യക്ഷമമായി ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ദീർഘവീക്ഷണത്തോടെ വൈദ്യുത മേഖലയിൽ ഇടതുപക്ഷ സർക്കാരുകൾ നടപ്പിലാക്കിയ നയങ്ങൾ പിന്തുടരാൻ പിന്നീട് വന്ന യു.ഡി.എഫ്. സർക്കാരുകൾക്ക് കഴിഞ്ഞില്ല. ബാണാസുരസാഗർ അണക്കെട്ടിൽനിന്ന് വെള്ളം കടത്താനുള്ള തമിഴ്നാട് സർക്കാരിന്റെ നീക്കത്തിനെതിരെ സമയോചിതമായ ഇടപെടലുണ്ടാകണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ടെണ്ടർ ചെയ്ത പദ്ധതികൾ ഏറ്റെടുക്കാൻ തയ്യാറാകാത്ത സർക്കാർ സമീപനം തിരുത്തുന്നതിനും ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യവ്യക്തികൾക്ക് കൈമാറുന്നതിനുള്ള നീക്കം അവസാനിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. ഈ ഗവൺമെന്റിന്റെ കാലത്ത് പ്രസരണനഷ്ടത്തിൽ 0.68%-ന്റെ വർദ്ധനവും വൈദ്യുതി വിൽപ്പനയിൽ 1272 കോടി രൂപയുടെ നഷ്ടവുമുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താരംഭിച്ച ചെയിൻ ബസ് സർവ്വീസുകളെല്ലാം നിർത്തലാക്കി. വനാതിർത്തികളിൽ ഫെൻസിംഗുകളും കിടങ്ങുകളും കൂടുതൽ ഫലപ്രദമായി സ്ഥാപിക്കുന്നതിനും വർദ്ധിപ്പിച്ച വാഹന നികുതി പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി അതിരപ്പിള്ളിയിൽ ഉൾപ്പെടെ പുതിയ വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനും കാറ്റിൽനിന്നും കൂടുതൽ വൈദ്യുതി ഉൽപ്പാദിക്കുന്നതിനും കൂടംകുളത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനിന്റെ നിർമ്മാണപ്രവൃത്തികൾ വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കണം. തൊഴിലാളികളുടെയും മാനേജ്മെന്റിന്റെയും ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെ സാമ്പത്തിക ചോർച്ച തടഞ്ഞ് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിൽ കൊണ്ടുവരാനും തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാനും കുറഞ്ഞ പലിശയ്ക്ക് പണം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുവേണ്ടി സെസ്സ് ഏർപ്പെടുത്താനുള്ള നീക്കം പുനഃപരിശോധിക്കണം. പുഷ്ബാക്ക് സീറ്റുള്ള വാഹനങ്ങൾക്കേർപ്പെടുത്തിയ നികുതി വർദ്ധനയും പഴയ കാറുകൾക്ക് അഞ്ചുവർഷത്തെ നികുതി ഒരുമിച്ചടയ്ക്കണമെന്നുള്ള നിർദ്ദേശവും പിൻവലിക്കണം.

ആറന്മുള വിമാനത്താവള പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകണം. വിമാനയാത്രക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കിയിരിക്കുന്ന സാഹചര്യത്തിൽ അനാവശ്യമായ തർക്കങ്ങളും പരിസ്ഥിതിവാദവും ഉന്നയിച്ച് പ്രസ്തുത പദ്ധതിയെ

അട്ടിമറിക്കുന്നത് ശരിയല്ല.

ശ്രീ. രാജു എബ്രഹാം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വാഹന നികുതിയും ഇൻഷ്വറൻസ് പ്രീമിയവും അമിതമായി വർദ്ധിപ്പിച്ചതിലൂടെ മോട്ടോർ തൊഴിലാളികൾ പ്രതിസന്ധിയിലായിരിക്കുകയാണ്. സ്പെയർ പാർട്ട്സുകൾ, ടയർ, ട്യൂബ് എന്നിവയുടെ വില ഇരട്ടിയിലധികമാക്കിയ നടപടി അവസാനിപ്പിക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കണം. കെ.എസ്.ഇ.ബി. മോഡലിൽ കെ.എസ്.ആർ.ടി.സി.യിലും കടപ്പത്രമിറക്കുന്നത് സംബന്ധിച്ച് ആലോചിക്കണം. നിർത്തലാക്കിയ സ്വകാര്യ സർവ്വീസുകൾക്ക് പുറംവാതിലിലൂടെ വീണ്ടും പെർമിറ്റ് നൽകുന്ന സമീപനം ആശാസ്യമല്ല. മോട്ടോർ വാഹന രംഗത്ത് ശാസ്ത്രീയമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരണം. വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പള്ളിവാസൽ, ചെങ്കുളം, തോട്ടിയാർ, ചാത്തൻകോട്, വിലങ്ങാട്, ആനക്കയം, കക്കയം, തുടങ്ങിയ വിവിധ വൈദ്യുതപദ്ധതികളുടെ പണികൾ മന്ദഗതിയിലാണ്. വൈതരണിയിലെ കൽക്കരിപ്പാടം മടക്കിക്കിട്ടാൻ നടപടി സ്വീകരിക്കണം. സെക്ഷൻ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. വന്യമൃഗങ്ങൾ വനത്തിനുള്ളിൽനിന്ന് പുറത്തിറങ്ങാതിരിക്കുന്ന

തിനാവശ്യമായ നടപടി സ്വീകരിക്കണം. പമ്പയ്ക്കും സന്നിധാനത്തിനുമിടയിലുള്ള വനംവകുപ്പ് വക പൊട്ടിപ്പൊളിഞ്ഞ ഷെഡ്ഡുകൾ എം.എൽ.എ. ഫണ്ടുപയോഗിച്ച് തീർത്ഥാടകർക്കുള്ള വിശ്രമകേന്ദ്രമാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. ഐ.എ.എസുകാർ തമ്മിലുള്ള പ്രശ്നംമൂലം സംസ്ഥാനത്തുണ്ടായിരിക്കുന്ന ഭരണസ്തംഭനം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ധനാഭ്യർത്ഥന ചർച്ചകളിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദിപറയുന്നതിനോടൊപ്പം ഉയർന്നുവന്ന എല്ലാ വിമർശനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുകയും ചെയ്യുന്നു. ആനത്തൊഴിലാളികൾക്ക് ക്ഷേമനിധിയും, ആനകളുടെ ചികിത്സയ്ക്കായി ആശുപത്രിയും അനുവദിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ആനപ്പാപ്പാന്മാർക്ക് കൊടുക്കുന്ന ട്രെയിനിംഗ് ഊർജ്ജിതപ്പെടുത്തുകയും നിലവിൽ മുന്നൂറ് പേർക്ക് ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. മോട്ടോർവാഹന വകുപ്പിൽ അനധികൃതമായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ഈ തസ്തികയിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടികളെടുത്തുവരികയാണ്. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യെ പുനരുജ്ജീവിപ്പിക്കാനാവശ്യമായ ഒരു

പാക്കേജ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. നാഷണലൈസ്ഡ് ബാങ്കുകളുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ നൽകുന്നതിനാവശ്യമായ നടപടികളെടുത്തുവരികയാണ്. വനംവകുപ്പുമായി ബന്ധപ്പെട്ട് ചില കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണാർത്ഥം ഹരിതശ്രീ പദ്ധതിയെന്ന മാസ് മൂവ്മെന്റിന് രൂപം നൽകുന്നതോടൊപ്പം എക്കോകേഡറ്റുകൾ രൂപീകരിച്ച് കുട്ടിവനം പദ്ധതി വിപുലപ്പെടുത്തുന്നതിനുമാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. അച്ചടി-ദൃശ്യ-മാധ്യമ പ്രവർത്തകർക്കും ഫോട്ടോഗ്രാഫർമാർക്കും അവാർഡ് നൽകി പ്രോത്സാഹിപ്പിക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. പറമ്പിക്കുളം ടൈഗർ റിസർവ്വിൽ ആദിവാസി വിഭാഗത്തിന് പ്രീ-മെട്രിക് ഹോസ്റ്റൽ, ഇടുക്കി ജില്ലിയിലെ പെരിയാർ ടൈഗർ റിസർവ്, തേക്കടി വൈൽഡ് ലൈഫ് എന്നിവിടങ്ങളിൽ ഇന്റർപ്രട്ടേഷൻ സെന്റർ, ആർട്ട് ഗ്യാലറി, വൈൽഡ് ലൈഫ് മ്യൂസിയം, 250 ആദിവാസി ഊരുകളിൽ വിവിധ വികസനപ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനുള്ള പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. കൂടാതെ കൊല്ലം ജില്ലയിൽ ഇക്കോട്ടൂറിസം പദ്ധതി, പത്തനംതിട്ട കോന്നി മോഡൽ സ്റ്റേഷൻ, കുമ്മന്നൂർ പാലം എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ്

സ്കൂളിന്റെയും തൃശ്ശൂർ മൃഗശാലയുടെയും ആദ്യഘട്ട ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. സംസ്ഥാനത്ത് ചന്ദന മോഷണത്തിന്റെ തോത് കുറഞ്ഞുവരുന്നുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശം നേരിടുന്നതിനായി ആവിഷ്ക്കരിച്ച പതിമൂന്നിന കർമ്മ പരിപാടികളുടെ ഭാഗമായി വൈദ്യുതി കമ്പിവേലി, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ ഭിത്തി, ലിങ്ക് ഫെൻസിംഗ്, കയ്യാല, ജൈവവേലി എന്നിവ നിർമ്മിച്ചിട്ടുണ്ട്. പ്രത്യേകം വേലി കെട്ടാതെ പന നട്ടുപിടിപ്പിച്ച് ആന പുറത്തിറങ്ങാത്ത വിധത്തിൽ ശ്രീലങ്കൻ മോഡലിലുള്ള ജൈവ വേലിയുണ്ടാക്കുകയെന്നുള്ള അഭിപ്രായത്തോടും യോജിപ്പാണ്. ഇ.എഫ്.എൽ.-നെ സംബന്ധിച്ച കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. നെല്ലിയാമ്പതിയിലെ കരുണ പ്ലാന്റേഷൻ-സീതാർക്കുണ്ട് എസ്റ്റേറ്റുകളെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് ആറ് വകുപ്പുകളിൽപ്പെട്ട എട്ട് ഉദ്യോഗസ്ഥർ അംഗങ്ങളായ കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റിക്ക് ലാന്റ് ടാക്സ് വാങ്ങാനുള്ള അനുമതി നൽകാമെന്നുമുള്ള തീരുമാനത്തിന്മേൽ സർക്കാർ നിയമോപദേശം തേടുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് മൂന്ന് ഐ.എഫ്.എസ്. ഉദ്യോഗസ്ഥരെ

നിയോഗിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ധനാഭ്യർത്ഥന ചർച്ചാവേളയിൽ ഭരണ-പ്രതിപക്ഷ അംഗങ്ങളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്ത് മുൻകാലങ്ങളെ അപേക്ഷിച്ച് വൈദ്യുതി ഉപഭോഗം കൂടുതലാണ്. മഴയുടെ തോത് കുറഞ്ഞത് വൈദ്യുതി ഉല്പാദനം കുറയാൻ ഇടയാക്കിയിട്ടുണ്ട്. മാനേജ്മെന്റിന്റെ ആസൂത്രണമില്ലായ്മമൂലമാണ് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വരുന്നതെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. എൽ.ഡി.എഫ്. ഭരണകാലത്ത് മൊത്തം റവന്യൂ വരുമാനത്തിന്റെ 71.8 ശതമാനമായിരുന്നു പവർ പർച്ചേസിംഗിനുവേണ്ടി ചെലവാക്കിയതെങ്കിൽ 2012-2013 കാലഘട്ടത്തിൽ 101.38 ശതമാനം ചെലവഴിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കാൻവേണ്ടി വൈദ്യുതി വാങ്ങിയതിലൂടെ കടബാധ്യതയും റവന്യൂ ഗ്യാപ്പും വർദ്ധിച്ചുവെന്നുള്ളത് വസ്തുതയാണ്. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി ഈ ഗവൺമെന്റ് ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ്

കൂടുതലാണെങ്കിലും ജീവനക്കാരുടെ ആനുകൂല്യം വെട്ടികുറയ്ക്കാൻ ഈ ഗവൺമെന്റ് കൂട്ടുനിൽക്കുകയില്ല. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് കോമ്പറ്റിറ്റീവ് ടെൻഡർ വിളിക്കാനും കേസ് വൺ ബിഡ്ഡാക്കി നടത്താനും എൽ.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചത് കേവലം അഞ്ച് വർഷത്തേയ്ക്ക് മാത്രമായിരുന്നതിനാൽ പ്രായോഗികമാക്കാൻ കഴിഞ്ഞില്ല. കേന്ദ്ര വിഹിതം കുറഞ്ഞതും വൈദ്യുതോല്പാദന കേന്ദ്രങ്ങളിലുണ്ടായ പ്രവർത്തനത്തകരാറുംമൂലമാണ് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നത്. 2014 ജൂൺ മാസം 27-ാം തീയതി മുതൽ ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് അനധികൃത ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടില്ല. വൈദ്യുതി ലൈനുകളിൽ തട്ടിനിൽക്കുന്ന മരക്കൊമ്പുകൾ വെട്ടിമാറ്റുന്ന കാര്യത്തിൽ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. വൈദ്യുതി ബോർഡിലെ ജീവനക്കാർ സ്വന്തം ജീവൻപോലും പണയംവച്ച് വളരെ ആത്മാർത്ഥതയോടുകൂടി പണി ചെയ്യുന്നവരാണ്. വൈദ്യുതി വിതരണത്തിന് തടസ്സം സൃഷ്ടിക്കുന്ന മരക്കൊമ്പുകൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിനായി എം.എൽ.എ. ചെയർമാനായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും സമിതികൾ

രൂപീകരിക്കുന്നതും പത്തുലക്ഷം രൂപ വീതം നൽകുന്നതുമാണ്. വൈദ്യുതി രംഗത്ത് ജോലി ചെയ്യുമ്പോൾ മരണപ്പെടുന്ന ആളുകളുടെ ആശ്രിതർക്കുള്ള ധനസഹായം അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതും നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ ഒരു പുതിയ നിയമവ്യവസ്ഥ ഉണ്ടാക്കുന്നതുമാണ്. ചീമേനി പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതിനും ഡാമിനും പ്രോജക്റ്റ് ഏരിയയ്ക്കും പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധം പരമാവധി പട്ടയങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും 53-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.24-ന് പിരിഞ്ഞു.

********************************